# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**

**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി9/1942/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥന ഓഡിറ്റ് പകുപ്പ്(ഉപരി പത്രം സഹിതം)
2. അസി ഡവലപ്മെന്റ് കമ്മീഷൻ(ജനറൽ) കോഴിക്കോട്
3. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി9/1942/2023 തീയ്യതി: 23/12/2023

## കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2022 മുതൽ 12-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബു റിയാസുദ്ദീൻ .S | ജോയിന്റ് ഡയറക്ടർ | 13-12-2023 | 16-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-12-2023 | 16-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി. ദിശ.ആർ.കെ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. അനൂപ്. കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ജിഷ.പി, ഓഡിറ്റർ

ശ്രീമതി. റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.പി. സുനിൽ കുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. രജിത. കെ | സെക്രട്ടറി | 01-04-2022 | 28-04-2022 |
| ശ്രീ. പ്രദീപ് കുമാർ. എം | സെക്രട്ടറി | 29-04-2022 | 13-07-2022 |
| ശ്രീ. എ.ടി. മനോജ് കുമാർ | സെക്രട്ടറി | 14-07-2022 | 05-12-2022 |
| ശ്രീ. ബിജു. ജി | സെക്രട്ടറി | 06-12-2022 | 08-02-2023 |
| ശ്രീ. വേണുഗോപാൽ. ടി | സെക്രട്ടറി | 09-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. രൂപ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), നരിക്കുനി | 01-04-2022 | 31-03-2023 |
| ഡോ. ബേബി പ്രീത | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), തലക്കുളത്തൂർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഗീത. കെ.ജി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 19-12-2022 |
| ശ്രീമതി. നിഷ. കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 20-12-2022 | 31-03-2023 |
| ശ്രീ. സതീഷ്. ഒ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-10-2022 |
| ശ്രീ. മുകേഷ്. ടി.എം | പട്ടികജാതി വികസന ഓഫീസർ | 01-11-2022 | 31-03-2023 |
| ശ്രീമതി. രേഖ. പി. ആനന്ദ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. നിഷ. ഐ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സൽന. എം | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ലാവണ്യ | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു. എൻ.പി | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല. | 1-1-3 |
| 5 | ഇ-ടെണ്ടർ ഫീ ഇനത്തിലെ വരവ് തുക ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായില്ല. | 1-1-4 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ്-ചെലവ് പത്രിക പ്രകാരവും ,വാർഷിക കണക്ക് പ്രകാരവും ചെലവ് പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ചെലവ് തുക മുഴുവനും ചെലവ് പത്രികയിൽ പ്രതിഫലിച്ചില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 13 | രസീതി പിരിവിലെ അപാകതകൾ | 1-7 |
| 14 | ഒരു പ്രൊജക്ടിൽ ഒരേ സാധനം വാങ്ങുന്നതിന് ഒന്നിലധികം ക്വട്ടേഷനുകൾ - ഒന്നിച്ചുവാങ്ങുമ്പോൾ ലഭിക്കുമായിരുന്ന ആനുകൂല്യം നഷ്ടമായി | 1-8 |
| 15 | എസ്റ്റിമേറ്റിൽ അധികരിച്ച് തുക നൽകി | 1-9 |
| 16 | ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല. | 1-10 |
| 17 | വിവിധഏജൻസികൾക്ക് തുക നൽകിയതിന്റെ വിനിയോഗവിവരം ലഭ്യമല്ല. | 1-11 |
| 18 | അടുക്കമല കുടിവെള്ള പദ്ധതി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-12 |
| 19 | ബ്ളോക്ക് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ വാങ്ങൽ - ബിൽ തുകയിൽ നിന്ന് ജി.എസ്.ടി ഈടാക്കിയില്ല. | 1-13 |
| 20 | പിഎംഎവൈ ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-14 |
| 21 | പഠന മുറി- കരാർ വച്ച ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല. | 1-15 |
| 22 | പ്രോജക്ട് പ്രകാരമുളള യഥാർഥ ചെലവ് സുലേഖയിൽ പ്രതിഫലിച്ചില്ല | 1-16 |
| 23 | ഒരേ പ്രവർത്തിയ്ക്ക് വ്യത്യസ്ത പ്രോജക്ടുകൾ രൂപീകരിക്കുന്നു | 1-17 |
| 24 | ബ്ലോക്ക്പഞ്ചായത്ത് ജീവനക്കാരന് യാത്രാബത്ത അനുവദിച്ചതിൽ അപാകത | 1-18 |
| 25 | ആദായനികുതി/ജി.എസ്.ടി. റിട്ടേണുകൾ സ്വകാര്യ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തി അധിക ചെലവ് വരുത്തുന്നു | 1-19 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | ഒരു പ്രൊജക്ടിൽ ഒരേ സാധനം വാങ്ങുന്നതിന് ഒന്നിലധികം ക്വട്ടേഷനുകൾ - ഒന്നിച്ചുവാങ്ങുമ്പോൾ ലഭിക്കുമായിരുന്ന ആനുകൂല്യം നഷ്ടമായി | 3-1 |
| 2 | എസ്റ്റിമേറ്റിൽ അധികരിച്ച് തുക നൽകി | 3-2 |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 15.07.2023 ലെ 25/23-24 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 20.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31 - ന് അവസാനിച്ച വർഷത്തിലെ രസീത് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,ചേളന്നൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവയും മുൻവർഷത്തെ താരതമ്യ തുകകളും രേഖപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-3 ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല.

ബാലൻസ് ഷീറ്റ് ബി-7 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരിപ്പ് പരിശോധിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-4 ഇ-ടെണ്ടർ ഫീ ഇനത്തിലെ വരവ് തുക ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായില്ല.

2022-23 സാമ്പത്തിക വർഷം ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ആയത് ബ്ലോക്ക് പഞ്ചായത്തിന്റെ ലഭിക്കാനുള്ള വരവായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

## 1-1-5 ധനകാര്യകമ്മീഷൻ ഗ്രാന്റ്-ചെലവ് പത്രിക പ്രകാരവും ,വാർഷിക കണക്ക് പ്രകാരവും ചെലവ് പൊരുത്തപ്പെടുന്നില്ല

| വാർഷിക കണക്ക് പ്രകാരം | സുലേഖ ചെലവ് പത്രിക / എ.സി.ആർ | വ്യത്യാസം |
|---|---|---|
| 14760719 | 14499374 | 261345 |

വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-1-6 ചെലവ് തുക മുഴുവനും ചെലവ് പത്രികയിൽ പ്രതിഫലിച്ചില്ല

കേരളോത്സവത്തിന് യുവജനക്ഷേമബോർഡ് ഗ്രാന്റും തനത് ഫണ്ടും ചെലവഴിച്ചെങ്കിലും പ്രസ്തുത ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-2 ബജറ്റ്

ചേളന്നൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 30.03.2022 തീയതിയിലെ 149/21-22 നമ്പർ തീരുമാന പ്രകാരവും പരിഷ്കരിച്ച ബജറ്റ് 22.03.2022 തീയതിയിലെ 149/22-23 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2022-23 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം |
|---|---|
| മുൻബാക്കി | 28750857 |
| വരവ് | 356307000 |
| ആകെ | 385057857 |
| ചെലവ് | 384701771 |
| നീക്കിയിരിപ്പ് | 356086 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6735119 |
| വരവ് | 83755107 |

| | |
|---|---|
| ആകെ | 90490226 |
| ചെലവ് | 83917838 |
| നീക്കിയിരിപ്പ് | 6572388 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 28195000 | 28195000 | 20262609 | 7932391 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 16423000 | 16423000 | 13269021 | 3153979 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 956000 | 956000 | 309800 | 646200 |
| മെയിന്റനൻസ്, റോഡ് | 0 | 6775000 | 6775000 | 6771051 | 3949 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Bank | 235057 | 4546000 | 4781057 | 2353636 | 2427421 (2161172+ 266249) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Treasury | 0 | 238098 | 238098 | 238098 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant) Bank | 4586000 | 6819000 | 11405000 | 8951177 | 2453823 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant) Treasury | 0 | 2715104 | 2715104 | 2685310 | 29794 |

തൻവർഷ പലിശ 2,66,249/- രൂപ B4 പ്രകാരമുള്ള നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 109 | 112730789 | 93 | 69547641 | 16 | 85.32 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| ചൈൽഡ് ഡവലപ്പമെന്റ് പ്രോജക്ട് ഓഫീസർ | 6 | 6 | 4704000 | 4578098 | 97.32 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 2925000 | 2875000 | 98.29 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 15 | 15 | 8664469 | 7670210 | 88.52 |
| അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 4 | 4 | 1057400 | 1057400 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 8300000 | 1400000 | 16.86 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | 2 | 2 | 6000000 | 2430264 | 40.5 |

| | | | | | |
|---|---|---|---|---|---|
| എഞ്ചിനീയർ | | | | | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 36 | 32 | 23423299 | 19765039 | 84.38 |
| ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 1 | 3190000 | 333611 | 10.45 |
| ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | 37 | 28 | 54466621 | 29438019 | 54.04 |
| ആകെ | 109 | 93 | 112730789 | 69547641 | 76.41 |

ഡി.പി.സി. അംഗീകാരം ലഭിച്ച 109 പ്രോജക്ടുകളിൽ 93 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 11,27,30,789/-രൂപ വകയിരുത്തിയതിൽ 6,95,47,641/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 16,23,945/-രൂപ തനതു ഫണ്ടിൽ നിന്നമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 ആഭ്യന്തര നിയന്ത്രണം

വിവിധ മേഖലയിലെ ബ്ളോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ളോക്ക് പഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

1-11-22ലെ എ84/2020 നം. ഓഫീസ് ഉത്തരവ് പ്രകാരം ബ്ളോക്ക് പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്വങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലിരുത്തുന്ന കാര്യത്തിൽ സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ട്. 2022-23 ൽ 21 തവണ സ്റ്റാഫ് മീറ്റിംഗ് വിളിച്ചു കൂട്ടിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്ന വിവരാവകാശ രജിസ്റ്ററും പരാതി രജിസ്റ്ററും ആവശ്യമായ വിവരങ്ങൾ ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ജി.എസ്.ടി,ഇൻകം ടാക്സ് എന്നിവയുടെ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ സ്വകാര്യ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തി തനത് ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്കായി (ഖണ്ഡിക-1-19) കാണുക .

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-7 രസീതി പിരിവിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ രസീതി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മാന്വൽ രസീതി ബുക്ക് (നമ്പർ 1052) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത രസീതി ബുക്ക് ഉപയോഗിച്ച് ടെണ്ടർ ഫോറം ഫീസ് സ്വീകരിച്ചിട്ടുണ്ട്. രസീതി ബുക്ക് കൈകാര്യം ചെയ്തതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 83 പ്രകാരം രശീത് പുസ്തകത്തിലെ പേജുകളുടെ എണ്ണം സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇക്കാര്യം പാലിക്കപ്പെട്ടിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 20 കൈയ്യെഴുത്ത് സമ്പ്രദായത്തിലുള്ള രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയും ആയിരിക്കണം. രസീതിയുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും പണം ഒടുക്കിയ ആൾക്ക് ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതുമാണ്. മേൽ രസീതികൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയിട്ടുണ്ടെങ്കിലും അസ്സൽ ഗുണഭോക്താക്കൾക്ക് നൽകുകയും ഡ്യൂപ്ലിക്കേറ്റ്, രസീതി ബുക്കിൽ സൂക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളത്. (രസീതി ബുക്കിലെ 7ാം നമ്പർ രസീതി ഗുണഭോക്താവിന് നൽകിയിട്ടില്ല. ഇത് ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചാണ് എഴുതിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു)

3. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 16 പ്രകാരം കൈപ്പറ്റുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. രസീതികളിൽ തീയതി രേഖപ്പെടുത്താത്തതിനാൽ യഥാസമയം തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/2022-23 തീയതി 16/12/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-8 ഒരു പ്രൊജക്റ്റിൽ ഒരേ സാധനം വാങ്ങുന്നതിന് ഒന്നിലധികം ക്വട്ടേഷനുകൾ - ഒന്നിച്ചുവാങ്ങുമ്പോൾ ലഭിക്കുമായിരുന്ന ആനുകൂല്യം നഷ്ടമായി**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ളോക്ക് പഞ്ചായത്ത് ഓഫീസ് കുടിവെള്ള സംവിധാനം മെച്ചപ്പെടുത്തൽ എന്ന പ്രോജക്ട് (105/23) മുഖേന ഓഫീസിലേക്ക് 2 വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനും, വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് വയറിംഗ്,പ്ളംബിങ്ങ് എന്നിവ നടത്തിയ വകയിലുമായി ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ആകെ 95,421/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ സാങ്ഷൻ നം/തീയ്യതി | ചെലവു തുക |
|---|---|
| 278/8-2-23 | 40900 |
| 353/10-3-23 | 47290 |
| 435/28-3-23 | 7231 |
| ആകെ | 95421 |

ഫയൽ പരിശോധിച്ചതിൽ നിന്നും 1,05,104/- രൂപ വകയിരുത്തി നിർവ്വഹിച്ച പ്രോജക്റ്റിൽ 19-12-2022ൽ വാട്ടർ പ്യൂരിഫയറിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ വിലയായ 40,900/- രൂപ ക്വാട്ടുചെയ്ത ബാലുശ്ശേരിയിലുള്ള പൂർണ്ണിമ എന്റർപ്രൈസസിനെ തെരഞ്ഞെടുത്തിട്ടുണ്ട്. പർച്ചേസ് ഓർഡർ നൽകി 3-1-23ലെ A15 നം ഇൻവോയ്സ് പ്രകാരം 16.5 ലിറ്റർ ടാങ്ക് കപ്പാസിറ്റിയുള്ള അക്വാഗാർഡിന്റെ Absolute Hot And Cold UV Water Purifier ഒരെണ്ണം മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. തുടർന്ന് ജെം പോർട്ടൽ വഴി ക്വട്ടേഷൻ ക്ഷണിച്ച് പർച്ചേസ് ഓർഡർ നൽകി 4-3-23 ലെ RJE03480/22-23

ഇൻവോയ്സ് പ്രകാരം അക്വാഗാർഡിന്റെ തന്നെ Absolute Hot And Cold UV Water Purifier ഒരെണ്ണം കൂടി RJ Enterprises, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. 47,290/- രൂപ നൽകിയാണ് രണ്ടാമത്തെ വാട്ടർ പ്യൂരിഫയർ വാങ്ങിയിരിക്കുന്നത്. 14-12-23ന് ബ്ളോക്ക് പഞ്ചായത്ത് എച്ച്.സിയുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ ഒരെണ്ണം ബ്ളോക്ക് പഞ്ചായത്ത് ഓഫീസിന്റെ ഗ്രൗണ്ട് ഫ്ളോറിൽ വരാന്തയുടെ മുൻവശത്തും മറ്റൊരെണ്ണം ഒന്നാം നിലയിലെ വരാന്തയിലും സ്ഥാപിച്ചതായി കണ്ടു. രണ്ടു വാട്ടർ പ്യൂരിഫയറുകളും ഒരേ ഇനമാണെന്നും രണ്ടിന്റേയും സ്പെസിഫിക്കേഷനും ഒന്നു തന്നെയാണെന്നും പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഇപ്രകാരം പ്രൊക്യൂർമെന്റ് നടപടികൾ സ്വീകരിച്ചതിനാൽ സ്ഥാപനത്തിന് 6,390/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾക്കായി ഖ-3-1 കാണുക.

## 1-9 എസ്റ്റിമേറ്റിൽ അധികരിച്ച് തുക നൽകി

| | |
|---|---|
| പ്രോജക്ട് നം/പേര് | 62/22-23<br>ജനറേറ്ററിന് ഷട്ടർ ,സെപ്റ്റിക് ടാങ്ക് അറ്റകുറ്റ പണി |
| അടങ്കൽ | 87969/- രൂപ, മെയിന്റനൻസ് ഫണ്ട്.(നോൺറോഡ്) |
| ചെലവ്<br>**ആകെ** | 1. 38250/- ( ബിൽ നമ്പർ.319/09.03.2023 ജനറേറ്ററിന് ഷട്ടർ നിർമ്മാണം)<br>2. 44400/- (ബിൽ നമ്പർ.320/09.03.2023 സ്ലാബ് നിർമ്മാണം)<br>**82650/- രൂപ** |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി. നരിക്കുനി) |

നരിക്കുനി സി.എച്ച്.സിയിലെ സെപ്റ്റിക് ടാങ്ക് സ്ലാബ് തകർന്നതിനാൽ പുതിയ സ്ലാബ് നിർമ്മിക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി 44,400/- രൂപ എച്ച്.എം.സി ഫണ്ടിൽ നിന്നും ചെലവഴിച്ച്, മേൽ കാണിച്ച ബിൽ നമ്പർ.320/09.03.2023 പ്രകാരം മെയിന്റനൻസ് (നോൺറോഡ്) ഫണ്ടിൽ നിന്നും എച്ച്.എം.സി ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടുണ്ട്. സ്ലാബ് നിർമ്മിക്കുന്നതിനായി ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് അസി.എഞ്ചിനീയർ തയ്യാറാക്കിയ 28,000/- രൂപയുടെ എസ്റ്റിമേറ്റിന്റെ (നം.2020/41299) അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ 27.05.2022 ന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. കെ.പി.ഭരതൻ എന്നിവർ സമർപ്പിച്ച 28,000/- രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് എച്ച്.എം.സി ഫണ്ടിൽ നിന്നും താഴെ പറയും വിധം തുക നൽകിയിട്ടുണ്ട്.

| ക്രമ നം | ഇനം | നൽകിയ തുക | ചെക്ക് നം/തിയ്യതി |
|---|---|---|---|
| 1 | സ്ലാബ് നിർമ്മിച്ചത് | 28000 | 041794/19.7.2022(KGB Narikkuni) |
| 2 | സെപ്റ്റിക് ടാങ്ക് | 8500 | 041795/19.7.2022(KGB Narikkuni) |

| | | | |
|---|---|---|---|
| | ക്ലീനിംഗ് | | |
| 3 | ഹിറ്റാച്ചി ഉപയോഗിച്ച് സ്ലാബ് മാറ്റിയത് | 4000 | 041796/19.7.2022 For Rs.7900/- (KGB Narikkuni) |
| 4 | ഹിറ്റാച്ചി ഉപയോഗിച്ച് സ്ലാബ് ഇട്ടത് | 3900 | |
| | **ആകെ** | **44400** | |

പുതിയ സ്ലാബ് ഇടുന്നതിനുള്ള ലേബർ ചാർജ്ജ്, ക്രമ നമ്പർ (5) ആയി Engaging Labour For Taking Out The Slabഎന്ന ഇനമായി 6x826.62 = 4,959.72/- രൂപ ഉൾപ്പെടുത്തിക്കൊണ്ടാണ് അസി.എഞ്ചിനീയർ 28,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റ്/കരാർ തുകയായ 28,000/- രൂപയ്ക്ക് പുറമെ സ്ലാബ് മാറ്റുന്നതിന് കരാറുകാരന് മേൽ കാണിച്ച വിധം 4,000/- രൂപ അധികം നല്കിയിട്ടുണ്ട്.

എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടും ഒരേ ഇനത്തിന് എസ്റ്റിമേറ്റ്/കരാർ തുകയ്ക്ക് പുറമെ നൽകിയ 4,000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്

**1-10 ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗവിവരം ലഭ്യമല്ല.**

2022-23 സാമ്പത്തികവർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ കൊടുത്ത പ്രൊജക്ട് ജലസേചന വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗവിവരം, പ്രവർത്തികളുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നംപർ | പ്രോജക്റ്റ് നമ്പർ/പേര് | ബിൽ സാങ്ഷൻ നമ്പർ/ തീയ്യതി /ചെലവഴിച്ച തുക | ഡപോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|
| 1. | 20/23 ഇരുമ്പോക്ക് തോട് ചെലപ്രം ചീർപ്പ് ഡ്രെയിനേജ് ഷട്ടർ നിർമ്മാണം | 382/17-3-23<br>950000 | ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷൻ, മലമ്പുഴ |
| | | 448/30-3-23<br>1500000 | മൈനർ ഇറിഗേഷൻ ഡിവിഷൻ, സിവിൽ സ്റ്റേഷൻ,കോഴിക്കോട് |
| | ആകെ | 2450000 | |

സ.ഉ.കൈ.നം. 84/2022 എൽ.എസ്.ജി.ഡി തീ. 19-4-22 ഖ.12.2(ഡി) പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിച്ചതായ വിവരങ്ങൾ ഫയൽ പ്രകാരം ലഭ്യമല്ല. ഫയൽ പ്രകാരം പ്രവൃത്തി നാളിതു വരെ പൂർത്തീകരിച്ച് ഫൈനൽ ബിൽ,വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് തുകയുടെ വിനിയോഗവിവരം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (5/2022-23 തീയതി 15-12-2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച ഫൈനൽ ബിൽ,വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 24,50,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-11 വിവിധഏജൻസികൾക്ക് തുക നൽകിയതിന്റെ വിനിയോഗവിവരം ലഭ്യമല്ല.**

2022-23 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ മുഖേന വിവിധ ഏജൻസികൾക്ക് തുകയും നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ബിൽ സാങ്ഷൻ നമ്പർ, തിയതി/തുക | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|
| 1. | 96/23 സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ | 421/26-3-23 238098 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറി. |
| 2. | 111/23 ഡി.പി.സി സെക്രട്ടറിയേറ്റ് വിഹിതം നൽകൽ | 241/25-1-23 200000 | തനതു ഫണ്ട് | ജില്ലാ പ്ളാനിങ് കമ്മറ്റിക്ക് തുക കൈമാറി |
| 3. | 50/23 ഐ.കെ.എം വരി സംഖ്യ | 83/22-8-22-42966 242/27-1-23-6183 ആകെ-49149 | വികസന ഫണ്ട് (പൊതു വിഭാഗം) | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം ന് കൈമാറി |
| | ആകെ | 487247 | | |

വിവിധ ഏജൻസികൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (6/2022-23 തീയതി 16-12-2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 4,87,247/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-12 അട്ടക്കമല കുടിവെള്ള പദ്ധതി – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

പ്രോജക്ട്നം 5/22-23

ഫണ്ട്. C.F.C

അടങ്കൽ തുക . 1753852

ചെലവ് തുക .1697533

ബിൽനം . 274/7.2.23

ബ്ളോക്ക് പഞ്ചായത്തിൽ മേൽ സൂചിപ്പിച്ച പ്രോജക്ടിന്റെ ഭാഗമായി കുടിവെള്ളപദ്ധതിയുടെ പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ, പൈപ്പ് ലൈൻ, വാട്ടർടാങ്കിന് ഗ്രില്ല്, മേൽക്കൂര നിർമ്മാണം എന്നിവയ്ക്കാണ് പദ്ധതി തയ്യാറാക്കിയത്. 14,86,314/- ക്വോട്ട് ചെയ്ത് പ്രവർത്തി ഏറ്റെടുത്ത ശ്രീ.മൊയ്തീൻ കോയ എന്ന കരാറുകാരൻ AE/ CLRBP/02/22-23 തി.7 .11.22 കരാർ പ്രകാരം പ്രവർത്തി ഏറ്റെടുത്ത് 2.2.23 ന് പ്രവർത്തി പൂർത്തീയാക്കിയിട്ടുണ്ട്. 17.12.23 ന് സ്ഥലം സന്ദർശിച്ചതിൽ പ്രസ്തുത കുടിവെള്ള

പദ്ധതിയുടെ പ്രയോജനം ഓഡിറ്റ് തീയതി വരെ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല എന്നുകാണുന്നു. സ.ഉ (കൈ) നം 84/2022 തസ്വഭവ തി.19.4.22പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 8.1 (ബി) (25) ൽ കുടിവെള്ള പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ് എന്നത് പ്രോജക്ടിൽ വ്യവസ്ഥ ചെയ്യുണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫയലിൽ ഇപ്രകാരമുള്ള നടപടി സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (8/22-23/16-12-23) നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട കുടിവെള്ളപദ്ധതി ആയതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ പഞ്ചായത്തിനേ സാധ്യമാവുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. കുടിവെള്ളപദ്ധതി കമ്മീഷൻ ചെയ്ത് കൈമാറിയ വിവരവും, പ്രവർത്തനക്ഷമമാക്കിയതിന്റെ വിശദാംശങ്ങളും ഹാജരാക്കുംവരെ കുടിവെള്ളപദ്ധതിയക്ക് വേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

**1-13 ബ്ളോക്ക് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ സാധനങ്ങൾ വാങ്ങൽ - ബിൽ തുകയിൽ നിന്ന് ജി.എസ്.ടി ഈടാക്കിയില്ല.**

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങൽ എന്ന പ്രോജക്റ്റ് മുഖേന (106/23) സർക്കാരിന്റെ GEM പോർട്ടലിൽ നിന്നും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം 7,24,972/- രൂപ ചെലവഴിച്ച് 6 ഡെസ്ക് ടോപ്പുകളും 5 ലാപ്ടോപ്പുകളും 4 പ്രിന്ററുകളും 1 സ്കാനറും 1 ഡി.വി.ഡി റൈറ്ററും വാങ്ങിയിട്ടുണ്ട്. ഇതിൽ 5,44,937/- രൂപയുടെ വാങ്ങലുകൾ RJ എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന ഇൻവോയ്സുകൾ പ്രകാമാണ് നടത്തിയിട്ടുള്ളത്.

| ഇൻവോയ്സ് നം,തീയ്യതി | ചെലവഴിച്ച തുക | വാങ്ങിയ ഇനം |
|---|---|---|
| RJE01762/22-23 /8-11-23 | 1,63,812 | 3 ഡെസ്ക് ടോപ്പുകൾ |
| RJE01762/22-23 /8-11-23 | 1,56,000 | 3 ഡെസ്ക് ടോപ്പുകൾ |
| RJE01762/22-23 /1-12-22 | 2,25,125 | 5 ലാപ്പ് ടോപ്പുകൾ |
| ആകെ | 5,44,937 | |

CGST ആക്ട് 2017ലെ വകുപ്പ് 51 (1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ ബില്ലിൽ നിന്നും 1 % ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) ലും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ലാപ്ടോപ്പുകളും ഡെസ്ക്ടോപ്പുകളും വാങ്ങിയപ്പോൾ SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കാതെ മുഴുവൻ തുകയും സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. ഒരു വർഷത്തിൽ സ്ഥാപനം വിതരണം ചെയ്യുന്ന ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാഹചര്യത്തിൽ ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ആയി 2% നികുതി ഈടാക്കേണ്ടതാണ് എന്നിരിക്കെ ആകെ മൂല്യം 5,44,937/- രൂപ ഉണ്ടായിട്ടും ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാ വശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (4/2022-23 തീയതി 15 -12-2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 5,44,937/- രൂപയുടെ 2% തുകയായ 10,899/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കി ജി.എസ്.ടി വകുപ്പിലടച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 പിഎംഎവൈ ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

സെക്രട്ടറി നടപ്പിലാക്കിയ പിഎംഎവൈ ഭവന പദ്ധതി പ്രകാരം വിവിധ സാമ്പത്തിക വർഷങ്ങളിൽ കരാർ ഉടമ്പടി വെച്ച് ഭവന നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയിട്ടും 22 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | എഗ്രിമെൻറ് വെച്ച തീയതി | ഗ്രാമ പഞ്ചായത്ത് | അർഹമായ ധനസഹായം | നാളിതു വരെ കൈപ്പറ്റിയ തുക | പൂർത്തീകരിച്ച സ്റ്റേജ് |
|---|---|---|---|---|---|---|
| 1. | നിത്യദേവൻ | 16.11.2020 | കക്കോടി | 400000 | 160000 | ലിന്റൽ |
| 2. | ഗിരിജ സി ടി | 16.11.2020 | കക്കോടി | 400000 | 48000 | ബേസ്മെൻറ് |
| 3. | മുതേര | 31.08.2021 | കാക്കൂർ | 400000 | 306000 | ലിന്റൽ |

| | | | | | | |
|---|---|---|---|---|---|---|
| 4. | ലീല | 5.03.2017 | നന്മണ്ട | 400000 | 100000 | ബേസ്മെൻറ് |
| 5. | നിഷ | 23.09.2020 | നരിക്കുനി | 400000 | 304000 | ലിന്റൽ |
| 6. | ഷൈലജ | 15.03.2017 | തലക്കുളത്തൂർ | 400000 | 80000 | ബേസ്മെൻറ് |
| 7. | ബാബു പി | 20.02.2022 | ചേളന്നൂർ | 400000 | 160000 | ബേസ്മെൻറ് |
| 8. | ശാരദ പി കെ | 20.02.2022 | ചേളന്നൂർ | 400000 | 376000 | റൂഫ് |
| 9. | ഷൈജ | 15.03.2022 | ചേളന്നൂർ | 400000 | 376000 | റൂഫ് |
| 10. | ഷൈലജ | 20.04.2022 | ചേളന്നൂർ | 400000 | 208000 | ലിന്റൽ |
| 11. | സതീശൻ | 06.12.2022 | ചേളന്നൂർ | 400000 | 160000 | ബേസ്മെൻറ് |
| 12. | ബിന്ദു കെ എം | 18.12.2021 | കക്കോടി | 400000 | 376000 | റൂഫ് |
| 13. | ലൈല | 23.02.2022 | കക്കോടി | 400000 | 376000 | റൂഫ് |
| 14. | ലക്ഷ്മി | 25.02.2022 | കക്കോടി | 400000 | 328000 | റൂഫ് |
| 15. | നാരായണി | 22.02.2022 | കക്കോടി | 400000 | 306000 | റൂഫ് |
| 16. | ബബിത | 30.10.2021 | കാക്കൂർ | 400000 | 306000 | ലിന്റൽ |
| 17. | പ്രസീത | 10.02.2022 | നന്മണ്ട | 400000 | 376000 | റൂഫ് |
| 18. | ലിസ | 14.02.2022 | നന്മണ്ട | 400000 | 278000 | റൂഫ് |
| 19. | ഗീത | 10.02.2022 | നന്മണ്ട | 400000 | 160000 | ലിന്റൽ |
| 20. | ബീന വി പി | 05.01.2022 | നരിക്കുനി | 400000 | 160000 | ലിന്റൽ |
| 21. | മാളു ടി പി | 10.11.2021 | നരിക്കുനി | 400000 | 230000 | ലിന്റല് |
| 22. | ഭവിത വി ഡി | 31.01.2023 | നരിക്കുനി | 400000 | 96000 | ബേസ്മെൻറ് |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൽ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (2/2022-23/15/12/2023)ക്ക് ലഭ്യമാക്കിയ മറുപടിയിൽ 16 ഗുണഭോക്താക്കൾ നിർമ്മാണ പ്രവർത്തി അവസാന ഘട്ടത്തിൽ എത്തിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 3 ഗുണഭോക്താക്കൾക്ക് ബ്ളോക്ക്, ഗ്രാമ,ജില്ലാ പഞ്ചായത്ത് ഫണ്ട് സമയബന്ധിതമായി ലഭ്യമാകാത്തതിനാൽ നൽകാൻ സാധിച്ചിട്ടില്ലെന്നും ആയതിനാലാണ് അവർക്ക് ഭവനനിർമ്മാണം പൂർത്തികരിക്കാൻ സാധിക്കാത്തതെന്നും അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന 3 പേർ ഭവന നിർമ്മാണം തുടർന്ന് മുന്നോട്ട് കൊണ്ടുപോകാൻ താത്പര്യമില്ലാത്തവരാണ്. അവരിൽനിന്നും തുക പലിശസഹിതം തിരികെ ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ഭവന നിർമ്മാണം തുടർന്ന് മുന്നോട്ട് കൊണ്ടുപോകാൻ താത്പര്യമില്ലാത്തവരിൽ നിന്നും തുക പലിശസഹിതം തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

**1-15 പഠന മുറി- കരാർ വച്ച ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് നം/പേര് | 65/23 പട്ടികജാതിവിദ്യാർത്ഥികൾക്ക് പഠനമുറി |
| ചെലവ് തുക | 2350000(വികസന ഫണ്ട്.എസ്.സി.പി) |

പ്രൊജക്ട് പ്രകാരം 2022-23 വർഷം എഗ്രിമെന്റ് വച്ച് തുക കൈപ്പറ്റിയ താഴെ കൊടുത്ത ഗുണഭോക്താക്കൾ ഓഡിറ്റ് തീയതി വരെയും പഠനമുറി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ തുക/അവസാന ഗഡു കൈപ്പറ്റിയ തീയ്യതി |
|---|---|---|
| 1 | അതുൽരാജ്.വി.ടി കക്കോടി പഞ്ചായത്ത് | 125000 6-10-22 |
| 2 | ശ്രീദിയ ശബരീഷ് തലക്കുലത്തൂർ പഞ്ചായത്ത് | 125000 1-6-23 |
| 3 | അർച്ചന സുരേന്ദ്രൻ ചേളന്നൂർ പഞ്ചായത്ത് | 125000 16-1-23 |
| 4 | അക്ഷയ.എ കാക്കൂർ പഞ്ചായത്ത് | 125000 12-1-23 |
| 5 | അർച്ചന .ആർ ചേളന്നൂർ പഞ്ചായത്ത് | 125000 10-1-23 |
| 6 | റിഷ്യാസ് സുരേഷ് കാക്കൂർ പഞ്ചായത്ത് | 125000 24-1-23 |
| 7 | നവൽ കൃഷ്ണ ചേളന്നൂർ പഞ്ചായത്ത് | 125000 23-1-23 |
| 8 | മീനാക്ഷി.പി.കെ D/O സുധീഷ് കുമാർ, കാക്കൂർ പഞ്ചായത്ത് | 125000 23-2-23 |
| 9 | ഋതുനന്ദ.എസ്.എസ് D/O സരള ചേളന്നൂർ പഞ്ചായത്ത് | 125000 25-1-23 |
| 10 | വിശ്വാസ്.വി.സി S/O പ്രകാശിനി ചേളന്നൂർ പഞ്ചായത്ത് | 125000 25-3-23 |
| 11 | വേദശ്രീ. | 125000 |

| | | |
|---|---|---|
| | എസ്.എസ്. നരിക്കുനി പഞ്ചായത്ത് | 4-3-23 |
| 12 | അഭയ്.കെ.വി നരിക്കുനി പഞ്ചായത്ത് | 125000 9-3-23 |
| 13 | സഞ്ജയ്,വി നരിക്കുനി പഞ്ചായത്ത് | 125000 17-3-23 |
| 14 | ബാലകൃഷ്ണ രാജീവ് കാക്കൂർ പഞ്ചായത്ത് | 125000 12-5-23 |
| 15 | അജിൻ.കെ,പി നരിക്കുനി പഞ്ചായത്ത് | 125000 18-11-22 |
| 16 | ആരതി ബാലൻ നൻമണ്ട പഞ്ചായത്ത് | 50000 10-11-22 |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (7/2022-23/ 16/12/2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പഠന മുറി പൂർത്തീകരിച്ച് അറിയിക്കേണ്ടതുമാണ്.

**1-16 പ്രോജക്ട് പ്രകാരമുള്ള യഥാർഥ ചെലവ് സുലേഖയിൽ പ്രതിഫലിച്ചില്ല**

സെക്രട്ടറിയുടെ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ട് പരിശോധിച്ചതിൽ പ്രോജക്ട് പ്രകാരമുള്ള യഥാർഥ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചില്ലെന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | പ്രോജക്ട് പ്രകാരം യഥാർത്ഥ ചെലവ് / (രൂപ) | ബിൽ സാങ്ഷൻ നമ്പർ / തീയതി | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അടങ്കൽ /ചെലവ് (രൂപ) /ഫണ്ട് | സുലേഖ സ്റ്റേറ്റ്മെന്റിൽ കാണിക്കാത്ത ചെലവ് (രൂപ) / ഫണ്ട് |
|---|---|---|---|---|
| 124/23 കേരളോത്സവം 2022 | 2,49,966/- (തനത്ഫണ്ട് + യുവജനക്ഷേമ ബോർഡ്- ഗ്രാന്റ്) | 321 / 25.02.2023 921089/02.12.2022 920192/14.03.2023 | അടങ്കൽ - 1,50,000/- ചെലവ് - 1,50,000/- (തനത്ഫണ്ട്) | 99,966/- (യുവജനക്ഷേമ ബോർഡ്- ഗ്രാന്റ്) |

കേരളോത്സവം 2022 പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ആകെ ചെലവ് വന്നിട്ടുള്ളത് 2,49,966/- രൂപയാണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റിൽ അടങ്കലും ചെലവും 1,50,000/- രൂപയാണ്. ഫയൽ പരിശോധിച്ചതിൽ 2022ലെ ബ്ലോക്ക് കേരളോത്സവ മത്സരങ്ങൾ സംഘടിപ്പിച്ച കോഴിക്കോട് ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ഗ്രാന്റ് തുക 14/11/2022ലെ

പി1-4600/2022/വൈ.ഡബ്ല്യൂ.ബി നമ്പർ പ്രകാരം അനുവദിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസറുടെ ഉത്തരവ് നം: 2928/22/ഡി.വൈ.സി.കെ.കെ.ഡി തീയതി 28/11/2022 നടപടിക്രമപ്രകാരം പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയതിൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന് 1,00,000/- രൂപ അക്കൗണ്ട് പേയീ ചെക്കായി അനുവദിച്ചിട്ടുണ്ട്. ചെക്ക് നമ്പർ 337780. ടി ചെക്ക് TSC കാനറാ ബാങ്ക് അക്കൌണ്ടിൽ (അക്കൌണ്ട് നമ്പർ 1909101004380) നിക്ഷേപിച്ച തുകയിൽ നിന്നാണ് 1,50,000/-ന പുറമെ ചെലവ് വന്നിട്ടുള്ള 99,966/- രൂപ ചെലവഴിച്ചിട്ടുള്ളത് (ചെക്ക് നമ്പർ 921089/02.12.2022 പ്രകാരം 75,000/- രൂപയും ചെക്ക് നമ്പർ 920192/14.03.2023 പ്രകാരം 24,966/-രൂപയും). എന്നാൽ യുവജന ബോർഡിൽ നിന്ന് അനുവദിച്ച തുകയുടെ അടങ്കൽ ചെലവ് എന്നിവ സുലേഖ സ്റ്റേറ്റ്മെന്റിൽ വന്നിട്ടില്ല. ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 ഒരേ പ്രവർത്തിയ്ക്ക് വ്യത്യസ്ത പ്രോജക്ടുകൾ രൂപീകരിക്കുന്നു

22-23 സാമ്പത്തികവർഷത്തിൽ ചേളന്നൂർ ബ്ളോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ്. എഞ്ചിനീയറുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ ഒരേ പദ്ധതികൾക്ക് വ്യത്യസ്ത പ്രോജക്ടുകൾ തയ്യാറാക്കിയതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു

| പദ്ധതി | വകയിരുത്തിയ തുക | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| .45/22-23 .കാരക്കണ്ടത്തിൽ കുടിവെള്ളപദ്ധതി | 400000 | 379889 | പി.വി.സി.പൈപ്പൽ, ടാങ്ക് ടൈലിടൽ, ഗ്രിൽവർക്ക് മുതലായവ |
| .41/22-23 .കാരക്കണ്ടത്തിൽ കുടിവെള്ളപദ്ധതി | 400000 | 399819 | കുടിവെള്ള വിതരണ ത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| 32/ 22-23 കാരക്കണ്ടത്തിൽ കുടിവെള്ളപദ്ധതി | 498742 | 498742 | പൈപ്പ് ലൈൻ സ്ഥാപിക്കൽ |

ഇപ്രകാരം ഒരേ ആവശ്യത്തിനായി വിവിധ പദ്ധതികൾ രൂപീകരിക്കുന്നത് വഴി പദ്ധതിയുടെ ഡാറ്റാ എൻട്രി മുതൽ ബിൽ നൽകൽ വരെയുള്ള പ്രവർത്തനങ്ങളിൽ ഇരട്ടിപ്പ് വരുന്നു. കൂടാതെ ചെറിയ അടങ്കലിലുള്ള പ്രവൃത്തികൾക്കായി സാധന സാമഗ്രികളും, മെഷീനറികളും സൈറ്റിൽ എത്തിക്കുന്നത് കരാറുകാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഘടകമായതിനാൽ, ടെണ്ടർ നടപടികളിൽ കരാറുകാരുടെ പങ്കാളിത്തം കുറയാൻ സാധ്യതയുണ്ട്. പ്രവൃത്തി സമഗ്രമായി വലിയ അടങ്കലിൽ തയ്യാറാക്കിയിരുന്നെങ്കിൽ ഇത്തരം സാധ്യതകൾ ഒഴിവാക്കാമായിരുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പദ്ധതികൾ സമഗ്രമായി തയ്യാറാക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്കുള്ള മറുപടിയിൽ ഫണ്ട് ലഭ്യതയിലുള്ള കുറവ് മൂലമാണ് മുഴുവൻ പ്രവർത്തികൾക്കുമുള്ള തുക ഒരേ സമയത്ത് വകയിരുത്താൻ സാധിക്കാത്തത് എന്ന് അറിയിച്ചിട്ടുണ്ട്.

അപാകത തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

**1-18 ബ്ലോക്ക്പഞ്ചായത്ത് ജീവനക്കാരന് യാത്രാബത്ത അനുവദിച്ചതിൽ അപാകത**

2022-23 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക്പഞ്ചായത്ത് ഡ്രൈവർക്ക് 10/2020 മുതൽ 09/2022 വരെയുള്ള യാത്രാബത്ത ബില്ലുകൾ പാസാക്കിയിട്ടുണ്ട്. 61/22-23 നമ്പർ കണ്ടിജന്റ് വൗച്ചർ പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 28.10.22 ലെ 5802984 ചെക്ക് മുഖേന 23,125/- രൂപ യാത്രാബത്ത ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(ബി)6 പ്രകാരം ഔദ്യോഗിക യാത്ര നടത്തിയതിന്റെ തൊട്ടടുത്ത മാസം ഒന്നാം തിയ്യതി മുതൽ ഒരു വർഷത്തിനകം ജീവനക്കാരൻ ആയത് ക്ലെയിം ചെയ്യേണ്ടതാണ്. അർഹമായ തിയ്യതി മുതൽ 2 വർഷത്തിനകം തുക മാറിയിരിക്കണം. മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് യാത്രാബത്ത അനുവദിച്ചത്. ടൂർ ഡയറി/നോട്ട് മുഖേന ജീവനക്കാരൻ യാത്രാബത്ത ക്ലെയിം ചെയ്യുന്ന മുറക്കാണ് ആയത് അനുവദിക്കേണ്ടത്.

എന്നാൽ 12.10.22 നാണ് 2020 ഒക്ടോബർ, നവംബർ, 2021 ജനുവരി, ഫെബ്രുവരി, മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, സപ്തംബർ, ഒക്ടോബർ, നവംബർ, ഡിസംബർ , 2022 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, സപ്തംബർ എന്നീ 19 മാസത്തെ ടി.എ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചത്. മേൽ ചട്ടം പാലിക്കാതെ മുൻവർഷങ്ങളിലെ ടി.എ അനുവദിച്ചത് ക്രമവിരുദ്ധമാണ്. മുൻവർഷങ്ങളിലെ തുക അനുവദിക്കുന്നതിന് മുൻപ് നേരത്തെ അനുവദിച്ചതാണോ എന്നതും പരിശോധിച്ചിട്ടില്ല. നൽകേണ്ട തുക ലയബിലിറ്റി ഹെഡിൽ ഉണ്ടായിരുന്നില്ല എന്നത് ഇവിടെ പ്രസക്തമാണ്.

നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ടി.എ ഇനത്തിൽ തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

**1-19 ആദായനികുതി/ജി.എസ്.ടി. റിട്ടേണുകൾ സ്വകാര്യ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തി അധിക ചെലവ് വരുത്തുന്നു**

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ ആദായനികുതി/ജി.എസ്.ടി. റിട്ടേണുകൾ തയ്യാറാക്കുന്നതിന് സ്വകാര്യ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തുകയും പണം ചെലവഴിക്കുകയും ചെയ്യുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻകം ടാക്സ് /ജി.എസ്.ടി റിട്ടേൺ | | |
|---|---|---|
| കണ്ടിജന്റ് വൗച്ചർ നമ്പർ/തിയ്യതി | തുക | റിമാർക്സ് |
| 5/22-23 | 5700 | PremAssociates ന് ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്ത വകയിൽ |
| 32/22-23 | 4250 | PremAssociates ന് ജി.എസ്.ടി ഫയൽ ചെയ്ത വകയിൽ |
| 51/22-23 | 7000 | PremAssociates ന് ജി.എസ്.ടി ഫയൽ ചെയ്ത വകയിൽ |
| 80/22-23 | 1400 | PremAssociates ന് 24 Q2,26 Q2 ഫയൽ ചെയ്ത വകയിൽ |

റിട്ടേണുകൾ തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്വെയർ സപ്പോർട്ട് അടക്കമുള്ള സൗകര്യങ്ങൾ ഇൻകം ടാക്സിന്റെ ഔദ്യോഗിക വെബ്സൈറ്റിലും മറ്റ് സൈറ്റുകളിലും സൗജന്യമായി ലഭ്യമായിരിക്കെ വലിയ തുക റിട്ടേൺ തയ്യാറാക്കുന്നതിന് വേണ്ടി ചെലവഴിക്കുന്ന നടപടി അഭിലഷണീയമല്ല. മേൽ വിവരിച്ച രീതിയിൽ പണം ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. റിട്ടേണുകൾ

സ്ഥാപനം തന്നെ ഫയൽ/അപ്‌ലോഡ് ചെയ്യുന്നതിന് ശ്രമിക്കേണ്ടതും, ഇതിനായി ജീവനക്കാരെ പ്രാപ്തരാക്കേണ്ടതും, മറ്റ സ്ഥാപനങ്ങളുടെ സേവനം സ്വീകരിക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ വിഷയത്തിലുണ്ടായ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒരു പ്രൊജക്റ്റിൽ ഒരേ സാധനം വാങ്ങുന്നതിന് ഒന്നിലധികം ക്വട്ടേഷനുകൾ - ഒന്നിച്ചുവാങ്ങുമ്പോൾ ലഭിക്കുമായിരുന്ന ആനുകൂല്യം നഷ്ടമായി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ളോക്ക് പഞ്ചായത്ത് ഓഫീസ് കുടിവെള്ള സംവിധാനം മെച്ചപ്പെടുത്തൽ എന്ന പ്രോജക്ട് (105/23) മുഖേന ഓഫീസിലേക്ക് 2 വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനും, വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് വയറിംഗ്,പ്ളംബിങ്ങ് എന്നിവ നടത്തിയ വകയിലുമായി ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ആകെ 95,421/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ സാങ്ഷൻ നം/തീയ്യതി | ചെലവു തുക |
|---|---|
| 278/8-2-23 | 40900 |
| 353/10-3-23 | 47290 |
| 435/28-3-23 | 7231 |
| ആകെ | 95421 |

ഫയൽ പരിശോധിച്ചതിൽ നിന്നും 1,05,104/- രൂപ വകയിരുത്തി നിർവ്വഹിച്ച പ്രോജക്ടിൽ 19-12-2022ൽ വാട്ടർ പ്യൂരിഫയറിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ വിലയായ 40,900/- രൂപ ക്വാട്ടുചെയ്ത ബാലുശ്ശേരിയിലുള്ള പൂർണ്ണിമ എന്റർപ്രൈസസിനെ തെരഞ്ഞെടുത്തിട്ടുണ്ട്. പർച്ചേസ് ഓർഡർ നൽകി 3-1-23ലെ A15 നം ഇൻവോയ്സ് പ്രകാരം 16.5 ലിറ്റർ ടാങ്ക് കപ്പാസിറ്റിയുള്ള അക്വാഗാർഡിന്റെ Absolute Hot And Cold UV Water Purifier ഒരെണ്ണം മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. തുടർന്ന് ജെം പോർട്ടൽ വഴി ക്വട്ടേഷൻ ക്ഷണിച്ച് പർച്ചേസ് ഓർഡർ നൽകി 4-3-23 ലെ RJE03480/22-23 ഇൻവോയ്സ് പ്രകാരം അക്വാഗാർഡിന്റെ തന്നെ Absolute Hot And Cold UV Water Purifier ഒരെണ്ണം കൂടി RJ Enterprises, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. 47,290/- രൂപ നൽകിയാണ് രണ്ടാമത്തെ വാട്ടർ പ്യൂരിഫയർ വാങ്ങിയിരിക്കുന്നത്. 14-12-23ന് ബ്ളോക്ക് പഞ്ചായതക്ക് എച്ച്.സിയുടെ സാനിധ്യത്തിൽ നടത്തിയ പരിശോധനയിൽ ഒരെണ്ണം ബ്ളോക്ക് പഞ്ചായത്ത് ഓഫീസിന്റെ ഗ്രൗണ്ട് ഫ്ളോറിൽ വരാന്തയുടെ മുൻവശത്തും മറ്റൊരെണ്ണം ഒന്നാം നിലയിലെ വരാന്തയിലും സ്ഥാപിച്ചതായി കണ്ടു. രണ്ടു വാട്ടർ പ്യൂരിഫയറുകളും ഒരേ ഇനമാണെന്നും രണ്ടിന്റേയും സ്പെസിഫിക്കേഷനും ഒന്നു തന്നെയാണെന്നും പരിശോധനയിൽ ബോധ്യമായിട്ടുണ്ട്.

മേൽപറഞ്ഞ പ്രകാരം ഒരേ ഇനത്തിലും സ്പെസിഫിക്കേഷനിലുമുള്ള വാട്ടർ പ്യൂരിഫയർ രണ്ടു സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിരിക്കുന്നത് പ്രത്യേകം പ്രത്യേകം ക്വട്ടേഷനുകൾ ക്ഷണിച്ചാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖപ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽതന്നെ നടത്തി ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി കൈക്കൊള്ളാൻ നിഷ്കർഷിക്കുന്നുണ്ട്. ആയത് ഇവിടെ പാലിക്കപ്പെട്ടതായി കാണുന്നില്ല. ഒന്നിച്ചുള്ള വാങ്ങലിന്റെ അഭാവംമൂലം വാട്ടർ പ്യൂരിഫയർ മൊത്തത്തിൽ വാങ്ങുമ്പോഴുള്ള വിലക്കുറവ് നഷ്ടപ്പെടുന്നു എന്നതിന് പുറമെ ഒരു പ്രൊജക്ടിലെ ഒരേ ഇനത്തിലുള്ള വാട്ടർ പ്യൂരിഫയറിന് പ്രത്യേകം പ്രത്യേകം ക്വട്ടേഷനുകൾ ക്ഷണിച്ചതു മൂലം പഞ്ചായത്തിന് 6390(47290-40900) രൂപയുടെ അധിക ചെലവിനും കാരണമായിട്ടുണ്ട്. അപാകതകയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (3/2022-23 തീയതി 15-12-2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 6,390/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

### 3-2 എസ്റ്റിമേറ്റിൽ അധികരിച്ച് തുക നൽകി

| | |
|---|---|
| പ്രോജക്ട് നം/പേര് | 62/22-23<br>ജനറേറ്ററിന് ഷട്ടർ ,സെപ്റ്റിക് ടാങ്ക് അറ്റകുറ്റ പണി |
| അടങ്കൽ | 87969/- രൂപ, മെയിന്റനൻസ് ഫണ്ട്.(നോൺറോഡ്) |
| ചെലവ്<br>**ആകെ** | 1. 38250/- ( ബിൽ നമ്പർ.319/09.03.2023 ജനറേറ്ററിന് ഷട്ടർ നിർമ്മാണം)<br>2. 44400/- (ബിൽ നമ്പർ.320/09.03.2023 സ്ലാബ് നിർമ്മാണം)<br>**82650/- രൂപ** |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി. നരിക്കുനി) |

നരിക്കുനി സി.എച്ച്.സിയിലെ സെപ്റ്റിക് ടാങ്ക് സ്ലാബ് തകർന്നതിനാൽ പുതിയ സ്ലാബ് നിർമ്മിക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി 44,400/- രൂപ എച്ച്.എം.സി ഫണ്ടിൽ നിന്നും ചെലവഴിച്ച്, മേൽ കാണിച്ച ബിൽ നമ്പർ.320/09.03.2023 പ്രകാരം മെയിന്റനൻസ് (നോൺറോഡ്) ഫണ്ടിൽ നിന്നും എച്ച്.എം.സി ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തിട്ടുണ്ട്. സ്ലാബ് നിർമ്മിക്കുന്നതിനായി ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ 28,000/- രൂപയുടെ എസ്റ്റിമേറ്റിന്റെ (നം.2020/41299) അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ 27.05.2022 ന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ശ്രീ. കെ.പി.ഭരതൻ എന്നിവർ സമർപ്പിച്ച 28,000/- രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് എച്ച്.എം.സി ഫണ്ടിൽ നിന്നും താഴെ പറയും വിധം തുക നൽകിയിട്ടുണ്ട്.

| ക്രമ നം | ഇനം | നൽകിയ തുക | ചെക്ക് നം/തിയ്യതി |
|---|---|---|---|
| 1 | സ്ലാബ് നിർമ്മിച്ചത് | 28,000 | 041794/19.7.2022(KGB Narikkuni) |

| | | | |
|---|---|---|---|
| 2 | സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് | 8,500 | 041795/19.7.2022(KGB Narikkuni) |
| 3 | ഹിറ്റാച്ചി ഉപയോഗിച്ച് സ്ലാബ് മാറ്റിയത് | 4,000 | 041796/19.7.2022 For Rs.7900/- (KGB Narikkuni) |
| 4 | ഹിറ്റാച്ചി ഉപയോഗിച്ച് സ്ലാബ് ഇട്ടത് | 3,900 | |
| | **ആകെ** | **44,400** | |

പുതിയ സ്ലാബ് ഇടുന്നതിനുള്ള ലേബർ ചാർജ്ജ്, ക്രമ നമ്പർ (5) ആയി Engaging Labour For Taking Out The Slabഎന്ന ഇനമായി 6x826.62 = 4959.72/-രൂപ ഉൾപ്പെടുത്തിക്കൊണ്ടാണ് അസിസ്റ്റന്റ് എഞ്ചിനീയർ 28,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റ്/കരാർ തുകയായ 28,000/- രൂപയ്ക്ക് പുറമെ സ്ലാബ് മാറ്റുന്നതിന് കരാറുകാരന് മേൽ കാണിച്ച വിധം 4,000/- രൂപ അധികം നല്കിയിട്ടുണ്ട്.

എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടും ഒരേ ഇനത്തിന് എസ്റ്റിമേറ്റ്/കരാർ തുകയ്ക്ക് പുറമെ നൽകിയ 4,000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 2022-23 ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2022-23 | 1647000 | ലൈഫ് പ്ലസ് പി.എം.എ.വൈ ഭവനപദ്ധതി | 1647000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 1800000 | ലൈഫ് പ്ലസ് പി.എം.എ.വൈ ഭവനപദ്ധതി (പട്ടിക ജാതി) | 1800000 | 0 |
| ആകെ | | 3447000 | ആകെ | 3447000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2884000 | ലൈഫ് പ്ലസ് പി.എം.എ.വൈ ഭവനപദ്ധതി | 2884000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 2450000 | ലൈഫ് പ്ലസ് പി.എം.എ.വൈ ഭവനപദ്ധതി (പട്ടിക ജാതി) | 2450000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 213300 | സി ഡി എം സി ജീവനക്കാരുടെ വേതനം | 213300 | 0 |
| ആകെ | | 5547300 | ആകെ | 5547300 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 സാമ്പത്തിക വർഷത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, 2022-23 സാമ്പത്തിക വർഷത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇരുമ്പോക്ക് തോട് ചെലപ്രം ചീർപ്പ് ഡ്രെയിനേജ് ഷട്ടർ നിർമ്മാണത്തിന് തുക മൈനർ ഇറിഗേഷൻ ഡിവിഷൻ, ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷൻ എന്നിവയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയോ, തുകകളുടെ വിനിയോഗ വിവരമോ ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ നമ്പർ / ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷൻ | ഇരുമ്പോക്ക് തോട് ചെലപ്രം ചീർപ്പ് ഡ്രെയിനേജ് ഷട്ടർ നിർ | XVFC/ 2022-23 /P/79 Dated 18.03.2023 | 950000 | 0 | 1500000 |

| | | | | | | |
|---|---|---|---|---|---|---|
| | | മ്മാണം | | | | |
| 2 | മൈനർ ഇറിഗേഷൻ ഡിവിഷൻ | ഇരുമ്പോക്ക് തോട് ചെലപ്രം ചീർപ്പ് ഡ്രെയിനേജ് ഷട്ടർ നിർമ്മാണം | XVFC/ 2022-23 /P/81 Dated 28.03.2023 | 1500000 | 0 | 1500000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-96 | 3-19 | 1999 | 43 | എയ്ഡഡ് സ്കൂളുകൾക്ക് ധനസഹായം നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് (2004-06) 14 റിപ്പോർട്ട് ഖണ്ഡിക 22 പ്രകാരം തുടർ നടപടി സ്വീകരിക്കാതിരുന്ന ബ്ലോക്ക് പഞ്ചായത്ത് അധികൃതർക്കെതിരെ ഗ്രാമവികസന കമ്മീഷണർ വകുപ്പ് നടപടി സ്വീകരി ക്കാൻ നിർദ്ദേശിച്ചു. |
| 2000-01 | 42 | 2002-03 | 11.5.2.116 | തൈക്കണ്ടികളും നിർമ്മാണം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി (2011-14) 3-ാം റിപ്പോർട്ട് ഖണ്ഡിക 12 പ്രകാരം നിലവി ലെ സ്ഥിതി സമിതിയെ അറിയിക്കണം |
| 2015-16 | 3-14 | 2016-17 | 4.8.1 | ചട്ടലംഘനം | തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രൂപ) | 8,37,55,107 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രൂപ) | 8,39,17,838 |
| വരവിനങ്ങളിലുള്ള നഷ്ടം (രൂപ) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (രൂപ) | 10,390 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (രൂപ) | 46,34,780 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ (രൂപ) | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 3-1 | - | 6,390 | ശ്രീ. വേണുഗോപാൽ. ടി, സെക്രട്ടറി |
| 3-2 | - | 4,000 | ഡോ. രൂപ, മെഡിക്കൽ ഓഫീസർ (CHC നരിക്കുനി) |
| ആകെ | - | 10,390 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

<table>
<tr><th>ഖണ്ഡിക നമ്പർ</th><th>തുക (രൂപ)</th><th colspan="2">ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും</th></tr>
<tr><td>1-10</td><td>24,50,000</td><td colspan="2">ശ്രീ. വേണുഗോപാൽ. ടി, സെക്രട്ടറി</td></tr>
<tr><td rowspan="4">1-11</td><td rowspan="4">4,87,247</td><td>2,38,098</td><td>ശ്രീ. വേണുഗോപാൽ. ടി, സെക്രട്ടറി</td></tr>
<tr><td>2,00,000</td><td>ശ്രീ. ബിജു. ജി, സെക്രട്ടറി</td></tr>
<tr><td>42,966</td><td>ശ്രീ. എ.ടി. മനോജ് കുമാർ, സെക്രട്ടറി</td></tr>
<tr><td>6,183</td><td>ശ്രീ. ബിജു. ജി, സെക്രട്ടറി</td></tr>
<tr><td>1-12</td><td>16,97,533</td><td colspan="2">ശ്രീമതി. നിഷ. ഐ, അസിസ്റ്റന്റ് എഞ്ചിനീയർ</td></tr>
<tr><td>ആകെ</td><td>46,34,780</td><td colspan="2"></td></tr>
</table>

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | CGST (രൂപ) | SGST (രൂപ) |
|---|---|---|
| 1-13 | 5450 | 5450 |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. രൂപ, മെഡിക്കൽ ഓഫീസർ (CHC നരിക്കുനി) | മെഡിക്കൽ ഓഫീസർ, സാമൂഹ്യ ആരോഗ്യ കേന്ദ്രം, | കൊമ്മാടത്ത് വീട്, മാങ്കാവ്, കോഴിക്കോട്. |

| | | |
|---|---|---|
| | പിണറായി, കണ്ണൂർ | |
| ശ്രീമതി. നിഷ. ഐ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ഇഷാന, നെടിയാറമ്പത്ത്, പോസ്റ്റ് വേളൂർ വെസ്റ്റ്, അത്തോളി, കോഴിക്കോട് - 673317 |
| ശ്രീ. ബിജു. ജി സെക്രട്ടറി | വിരമിച്ചു | പുന്നക്കൽ, കത്തിപ്പാറ, കല്ലാർ കുറ്റി വഴി, ഇടുക്കി - 685562 |
| ശ്രീ. വേണുഗോപാൽ. ടി സെക്രട്ടറി | സെക്രട്ടറി, കരിമാള്ളൂർ ഗ്രാമ പഞ്ചായത്ത്, എറണാകുളം | കുളത്തിങ്ങൽ, കുടമാളൂർ, കോട്ടയം - 686017 |
| ശ്രീ. എ.ടി. മനോജ് കുമാർ, സെക്രട്ടറി | വിരമിച്ചു | ചോയിമഠത്തിൽ, കിഴക്കുംമുറി (പി.ഒ), കക്കോടി, കോഴിക്കോട് - 673616 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക പരാമർശങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| | കത്തിട പാടിന്റെ വിവരം | | |
| 1995-96 | എൽ.എഫ്. കെ.കെ.ഡി. പി7/ 764/10 തീ. 07.08.10 | 1 | 43 (CAR) |
| 1996-97 | | | |
| 1997-98 | | | |
| 1998-99 | എൽ.എഫ്. കെ.കെ.ഡി.പി7/ 121/09 തീ. 09.02.09 | 1 | 35 |
| 1999-00 | എൽ.എഫ്. കെ.കെ.ഡി.പി7/ 116/15(2) തീ.05.05.15 | 3 | 34,39,41 |
| 2000-01 | എൽ.എഫ്. കെ.കെ.ഡി.പി7/ 116/15(1) തീ.05.05.15 | 1 | 35 |
| 2003-04 | എൽ.എഫ്. കെ.കെ.ഡി.പി7/ 1369/11 തീ.13.02.12 | 2 | 3-3 (എ,ബി), 3-4 |
| 2004-05 | എൽ.എഫ്. കെ.കെ.ഡി.പി7/ 116/15(3) തീ.05.05.15 | 3 | 3-2, 3-3, 3-13 |
| 2005-06 | കെ.എസ്.എ. കെ.കെ.ഡി.പി8/ 821/2022 തീ.25.05.2022 | 1 | 3-5 |
| 2006-07 | എൽ.എഫ്. കെ.കെ.ഡി.പി7/ 116/15(5) തീ.05.05.15 | 8 | 3-2(3), 3-8 എ(5,6),3-9(3,4,5), 3-10(2),3-11, 3-12, 3-13, 3-14 |
| 2007-08 | എൽ.എഫ്. കെ.കെ.ഡി.പി7/ 116/15(6) തീ.05.05.15 | 5 | 3-1,3-2,3-3,3-6,3-9 |
| 2008-09 | എൽ.എഫ്. കെ.കെ.ഡി.പി7/ 116/15(7) തീ.05.05.15 | 3 | 3-6,3-9,3-10 |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.<br>കെ.കെ.ഡി.പി8/<br>821/2022(1)<br>തീ.25.05.2022 | 2 | 3-6, 3-8 |
| 2010-11 | എൽ.എഫ്.<br>കെ.കെ.ഡി.പി7/<br>116/15(9)<br>തീ.05.05.15 | 4 | 3-2, 3-3, 3-5, 3-6 |
| 2012-13 | എൽ.എഫ്.കെ.<br>കെ.ഡി.പി7/<br>808/16<br>തീ.03.06.17 | 3 | 3-1, 3-2, 3-6 (1) |
| 2013-14<br>2014-15 | കെ.എസ്.എ.<br>കെ.കെ.ഡി.പി8/<br>1531/2021(1)<br>തീ.10.02.2022 | 6 | 2-1, 3-4, 3-7,<br>3-8, 3-10, 3-11 |
| 2015-16 | കെ.എസ്.എ.<br>കെ.കെ.ഡി.പി8/<br>821/2022(2)<br>തീ.25.05.2022 | 3 | 3-1, 3-6, 3-14 |
| 2016-17 | കെ.എസ്.എ.<br>കെ.കെ.ഡി.പി8/<br>821/2022(3)<br>തീ.25.05.2022 | 4 | 3-3, 3-5, 3-7,<br>3-12 |
| 2017-18 | കെ.എസ്.എ.<br>കെ.കെ.ഡി.പി8/<br>1531/2021(4)<br>തീ.10.02.2022 | 6 | 1-12, 3-1, 3-2,<br>3-3, 3-4, 3-6 |
| 2018-19 | കെ.എസ്.എ.<br>കെ.കെ.ഡി.പി8/<br>1531/2021(5)<br>തീ.10.02.2022 | 6 | 1-6, 1-8, 1-10,<br>1-14, 1-15, 4-11 |
| 2019-20 | കെ.എസ്.എ.<br>കെ.കെ.ഡി.പി8/<br>487/2022<br>തീ.26.03.2023 | 12 | 1-1, 1-2, 1-5,<br>1-7, 1-8, 1-9,<br>1-10, 1-11, 1-12,<br>3-1, 4-8, 4-11 |
| 2020-21 | കെ.എസ്.എ.<br>കെ.കെ.ഡി.പി8/<br>488/2022<br>തീ. 05.07.2023 | 22 | 1-1, 1-2-1, 1-3,<br>1-7, 1-8, 1-9,<br>1-10, 1-11, 1-12,<br>1-13, 1-14, 1-15,<br>1-16, 1-17, 1-18, 1-19<br>1-20, 3-1, 3-2, 3-3,<br>4-3, 4-11 |
| 2021-22 | കെ.എസ്.എ.<br>കെ.കെ.ഡി.പി8/ | 12 | 1-1, 1-2-1, 1-2-3,<br>1-4, 1-5, 1-6 B, 1-7, |

| | | | |
|---|---|---|---|
| | 1943/2022 തീ.21.06.2023 | | 1-8, 1-9, 1-10, 1-11, 4-11 |

**ജോയിന്റ് ഡയറക്ടർ,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 25/23-24 dated 15-07-2023 and submitted on 20-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Chelannur Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chelannur Block Panchayat for the year 2022-2023

**Date: 23/12/2023**

**Joint Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Chelannur Block Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

a.The following mandatory financial statements prescribed in accounting rules are not submitted for audit i.e, ratios and audit notes.

b.Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

c.Deposit register is not properly maintained.

d.Amount with respect to E-tender fee is not credited in block panchayath account.

e.The expenditure amount with respect to cfc fund shown in IKM Statement

and AFS are diferent

f.The total expenditure of keralolsavam project is not reflected in expenditure statement.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്